पढ़े चलो, बढ़े चलो
राष्ट्रीय माध्यमिक शिक्षा अभियान

Rashtriya Madhyamik Shiksha Abhiyan ( RMSA) - Kerala

# നവപ്രഭ

Remedial Teaching Programme for Class IX Students

## പ്രവർത്തന രൂപരേഖ - മലയാളം

**ശേഷികൾ, ധാരണകൾ**

- ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് നിർഭയം സംസാരിക്കാനുള്ള കഴിവ് നേടൽ.
- മറ്റൊരാൾ പറയുന്ന ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടൽ.
- തെറ്റുകൂടാതെ വായിക്കുന്നതിനുള്ള കഴിവ് നേടൽ.
- വായിച്ചതിലെ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള കഴിവ് നേടൽ.
- തെറ്റുകൂടാതെ എഴുതുന്നതിനുള്ള ശേഷി നേടൽ.
- വിവിധ വ്യവഹാര രൂപങ്ങളെക്കുറിച്ച് ധാരണ നേടൽ.
- ഭാഷാവസ്തുതകളെക്കുറിച്ച് ധാരണ നേടലും ഉചിത സന്ദർഭത്തിൽ പ്രയോഗിക്കലും.
- സർഗാത്മക രചനയിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ.

**പ്രവർത്തനത്തിന്റെ സ്വഭാവം**

- കുട്ടികളുടെ അനുഭവ പരിസരത്തു നിന്നു കൊണ്ട് വിഷയങ്ങൾ സ്വാഭാവികമായി അവതരിപ്പിക്കൽ.
- പദങ്ങൾ, വാക്യങ്ങൾ, ലഘുകവിതകൾ, കഥകൾ എന്നിവയുടെ വായനയും എഴുത്തും.
- ആശയം ചുരുക്കിയും വികസിപ്പിച്ചും എഴുതി അവതരിപ്പിക്കൽ.
- വായനാസാമഗ്രികൾ നൽകി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ, എഴുതി അവതരിപ്പിക്കൽ.
- വായന, എഴുത്ത് എന്നിവ സ്വയം വിലയിരുത്തുന്നതിനും പിയർ ഗ്രൂപ്പിന്റെ സഹായത്താൽ വിലയിരുത്തുന്നതിനുമുള്ള അവസരം നൽകൽ.
- ചിഹ്നവ്യവസ്ഥയെക്കുറിച്ച് കൃത്യമായ ധാരണനേടാനുതകുന്ന പ്രവർത്തനങ്ങൾ നൽകൽ.

- കടങ്കഥ, പഴഞ്ചൊല്ല് എന്നിവയുടെ ആശയവും സൗന്ദര്യവും ഗ്രഹിച്ച് പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നൽകൽ.
- ഭാഷയുടെ ഒതുക്കം, പദച്ചേർച്ച, പിരിച്ചെഴുത്ത് എന്നിവ ഗ്രഹിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ നൽകൽ.

**നിർദേശങ്ങൾ**


- കളികൾ, നാടകീയ സന്ദർഭങ്ങൾ, സംഘപ്രവർത്തനം എന്നിവയ്ക്ക് പ്രാധാന്യം നൽകിയാവണം പ്രവർത്തനങ്ങൾ.
- ഉള്ളടക്കം, പഠനപ്രവർത്തനം ഇങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് പ്രവർത്തന രൂപരേഖ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- വിദ്യാലയം ഒരു യൂണിറ്റായി കണ്ടുകൊണ്ട് മുഴുവൻ അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.
- പ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഭാഷാപഠനത്തിൽ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്താം. (പഠനക്കളരി, നാട്ടരങ്ങ്, കഥയരങ്ങ്)
- കുട്ടികൾക്ക് സ്വയം ഏറ്റെടുക്കുവാൻ കഴിയുന്നതും താൽപര്യം ജനിപ്പിക്കുന്നതുമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
- ദൃശ്യമാധ്യമ സാധ്യതകൾ ഭാഷാപഠനത്തിൽ പ്രയോജനപ്പെടുത്തണം.
- ഉചിതമായ ഇടപെടൽ ആവശ്യമുള്ള ഘട്ടങ്ങളിൽ അധ്യാപിക നൽകണം.
- പിയർഗ്രൂപ്പ് ലേണിംഗ് പ്രോത്സാഹിപ്പിക്കണം.
- ഓരോ ഘട്ടത്തിലും (ആസൂത്രണം, നിർവഹണം, വിലയിരുത്തൽ) മുഴുവൻ അധ്യാപകരുടെയും സഹകരണം ഉറപ്പുവരുത്തണം.
- ലഭ്യമായ മറ്റു റിസോഴ്സുകളും ഉപയോഗിക്കണം.

**പഠന നേട്ടങ്ങൾ**

പ്രവർത്തനം: 1

സമയം : 1 മണിക്കൂർ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വായിക്കുകയും എഴുതുകയും ചെയ്യുന്നു.

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
|---|---|
|  | “പ്രിയപ്പെട്ട കൂട്ടുകാരേ’..<br>ഓരോ കുട്ടിയും അവന്റെ/അവളുടെ കൂട്ടുകാരെ പരിചയപ്പെടുത്തുന്നു.<br>ഒന്നിലധികം കൂട്ടുകാരുണ്ടാവുമല്ലോ?<br>പേര് എഴുതിനോക്കാം, ഓരോ കുട്ടിയും അഞ്ചു പേര് വീതം എഴുതട്ടെ (ചിഹ്നം തെറ്റിയാലും പ്രശ്നമില്ല)<br>എഴുതിയത് ശരിയാണോ എന്ന് സ്വയം പരിശോധന<br>(നിശ്ചിത സമയം നൽകി പരമാവധി കൂട്ടുകാരുടെ പേരെഴുതുന്ന കുട്ടികളെ കണ്ടെത്താവുന്നതാണ്)<br>കുട്ടികളെ അക്ഷര ഗ്രൂപ്പുകളാക്കുന്നു.<br>**ഉദാ: ക, ച, ട, ത, പ**<br>പരസ്പരം കൈമാറി പേരുകൾ പരിശോധിക്കുന്നു<br>തെറ്റുതിരുത്തുന്നു.<br>(അധ്യാപിക/അധ്യാപകൻ ഗ്രൂപ്പിൽ ഇടപെടണം)<br>തെറ്റുതിരുത്തൽ. |
| | **ഗൃഹപാഠം :** കുടുംബാംഗങ്ങളുടെയും അയൽക്കാരുടെയും പേരുകൾ എഴുതുക. |

**പഠന നേട്ടങ്ങൾ**

പ്രവർത്തനം: 2

സമയം : 1 മണിക്കൂർ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് പുതിയ പദങ്ങൾ നിർമിക്കുന്നു.

<table>
<tr><th>ഉള്ളടക്കം</th><th>പ്രവർത്തനക്രമം</th></tr>
<tr><td rowspan="2">
<table>
<tr><td>ത</td><td>പ</td><td>ക</td><td>ല</td><td>ട</td></tr>
<tr><td>വ</td><td>സ</td><td>ഖ</td><td>ദ</td><td>യ</td></tr>
<tr><td>ധ</td><td>അ</td><td>ഗ</td><td>റ</td><td>ന</td></tr>
<tr><td>ര</td><td>ശ</td><td>മ</td><td>ച</td><td>ണ</td></tr>
</table>
</td><td>
1. പട്ടികയിലെ അക്ഷരങ്ങൾ വ്യക്തിഗത വായന<br>
• പട്ടികയിലെ അക്ഷരങ്ങൾ ഉപയോഗിച്ച് പരമാവധി പദങ്ങൾ നിർമിക്കട്ടെ (ചിഹ്നം അവശ്യമില്ല)<br>
• (മത്സരസ്വഭാവത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം)<br>
• (ആശയ വ്യക്തതയുള്ള പദങ്ങൾ നിർമ്മിക്കുന്നുവെന്ന് ഉറപ്പു വരുത്തണം)<br>
• ഗ്രൂപ്പിൽ അവതരണം<br>
2) ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് പദം നിർമിക്കട്ടെ.<br>
⇒ ഓരോ ഘട്ടത്തിലും ചിഹ്നം ഏതെന്ന് നിർദേശിച്ച് പ്രവർത്തനം വികസിപ്പിക്കണം.<br>
ഉദാ: സുഖം, ചീര, മാനം<br>
⇒ ഓരോ ഘട്ടത്തിലും വിലയിരുത്തൽ/മെച്ചപ്പെടുത്തൽ നടത്തണം.<br>
⇒ പരമാവധി ചിഹ്നങ്ങൾ ഉൾപ്പെടുത്തണം.<br>
3) പട്ടികയിൽ ഉൾപ്പെടുത്താത്ത അക്ഷരങ്ങൾ ചേർത്ത് പ്രവർത്തനം വികസിപ്പിക്കണം.
</td></tr>
<tr><td>
ഗൃഹപാഠം :<br>
ഗ്രൂപ്പടിസ്ഥാനത്തിൽ പദങ്ങൾ ചാർട്ടിൽ തയ്യാറാക്കൽ - പ്രദർശിപ്പിക്കൽ.
</td></tr>
</table>

**പഠനനേട്ടങ്ങൾ:** ചിഹ്നത്തെക്കുറിച്ച് കൂടുതൽ ധാരണ നേടുന്നു.

പ്രവർത്തനം: 3

സമയം : 1 മണിക്കൂർ

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
| --- | --- |
| പുതുവർഷം<br>പുഞ്ചിരി<br>പുസ്തകം<br><br>മലയാളം<br>കാലം<br>കാട്<br>പാടി<br><br>പൊന്നോണം<br>ആരോടും<br>നോക്കിനിൽപ്പൂ<br>കോർക്കുക<br>പോകും<br><br>തേൻ<br>സ്നേഹം<br>പേർ<br>വേദന<br><br>കൊടി<br>കൊച്ചുവീട്<br>മറ്റൊന്നും<br><br>കൊച്ചുവീടെത്ര<br>പൂവെങ്ങു<br>പിന്നെ<br><br>പുതുവർഷം എന്ന കവിതയിലെ പദങ്ങളാണിവ. | 1. 8-ാം തരത്തിൽ പഠിച്ച "**പുതുവർഷം**' എന്ന കവിതയെക്കുറിച്ച് ആമുഖമായി പറയുന്നു.<br>കവിത കുട്ടികൾ ചൊല്ലുന്നു.<br>ഏതാനും പദങ്ങൾ കൂട്ടങ്ങളായി ബ്ലാക്ക്ബോർഡിൽ കുറിക്കുന്നു.<br>• പദങ്ങൾ കുട്ടികൾ വായിക്കുന്നു.<br>• ഓരോ പദക്കൂട്ടത്തിന്റെയും പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തട്ടെ<br>(ഒരേ ചിഹ്നങ്ങളുള്ളവ)<br>2. അധ്യാപകൻ മറ്റൊരു പാഠഭാഗം കുട്ടികൾക്കു നൽകുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ ഇതേ ചിഹ്നമുള്ള വാക്കുകൾ കുട്ടികൾ കണ്ടെത്തുന്നു.<br>(സമാനചിഹ്നമുള്ളവ പ്രത്യേക ഗ്രൂപ്പായി എഴുതാൻ ശ്രദ്ധിക്കണം)<br><br>3. പത്രങ്ങൾ/മാസികകൾ എന്നിവ ഉൾപ്പെടുത്തി മറ്റു ചിഹ്നങ്ങളുള്ള വാക്കുകൾ കണ്ടെത്തുന്ന പ്രവർത്തനം നൽകുന്നു. |
| | **ഗൃഹപാഠം :** 9-ാം ക്ലാസ്സിലെ "**ഒറ്റയ്ക്ക് പൂത്തൊരു വാക**' എന്ന പാഠഭാഗത്തിൽ നിന്നും വ്യത്യസ്ത ചിഹ്നമുള്ള 10 പദങ്ങൾ കണ്ടെത്തിയെഴുതുക. |

**പഠനനേട്ടങ്ങൾ :** പദങ്ങൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.

പ്രവർത്തനം: 4

സമയം : 1 മണിക്കൂർ

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
| --- | --- |
| കുമാരനാശാൻ { വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ, പുഷ്പവാടി, മണിമാല, വനമാല, ബാലരാമായണം, ശ്രീബുദ്ധചരിതം } | അധ്യാപിക ആമുഖമായി കുമാരനാശാൻ എന്ന കവിയെ പരിചയപ്പെടുത്തുന്നു.<br>പ്രധാന കൃതികൾ ഏതെല്ലാം?<br>കുട്ടികൾ പറയുന്നു<br>അധ്യാപിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ പറയാത്ത കൃതികൾ കണ്ടെത്തുന്നു.<br>കൃതികൾ കുട്ടികൾ ഉറക്കെ വായിക്കട്ടെ.<br>വായിച്ച പേരുകൾ കുട്ടികൾ എഴുതുന്നു.<br><br>ഇതിൽ തെറ്റുകൂടാതെ എഴുതാൻ കഴിയുന്ന കൃതികളുടെ പേര് ഏതെല്ലാം?<br>സ്വയം വിലയിരുത്തുന്നു.<br>എഴുതാൻ കഴിയാത്തതിനു കാരണം അധ്യാപിക/അധ്യാപകൻ തിരിച്ചറിയുന്നു.<br>പ്രശ്നം പരിഹരിക്കുന്നു. |
| | **ഗൃഹപാഠം :**<br>പാഠപുസ്തകത്തിലെ ഏതെങ്കിലും രണ്ട് എഴുത്തുകാരുടെ കൃതികൾ/പ്രത്യേകതകൾ ഉൾപ്പെടുത്തി പദസൂര്യൻ നിർമിക്കുക. **ഉദാ :** ഇടശ്ശേരി, ചങ്ങമ്പുഴ, എൻ. എൻ. കക്കാട്, ഉറൂബ്. |

പ്രവർത്തനം: 5

**പഠനനേട്ടങ്ങൾ :** ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും തിരിച്ചറിഞ്ഞ് പുതിയ പദങ്ങൾ നിർമിക്കുന്നു.

സമയം : 1 മണിക്കൂർ

<table>
<tr><th>ഉള്ളടക്കം</th><th>പ്രവർത്തനക്രമം</th></tr>
<tr><td><u>പ്രതിജ്ഞ</u><br><br>ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും. ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.</td><td>• കുട്ടികൾ പ്രതിജ്ഞ നോക്കി ചൊല്ലട്ടെ<br>• വായിക്കാനറിയുന്ന പദങ്ങൾ എഴുതട്ടെ<br>• മറ്റു പദങ്ങൾ കണ്ടെത്തുന്നു.<br>• അധ്യാപികയുടെ സഹായത്താൽ വായിക്കുന്നു.<br>• മുഴുവൻ പദങ്ങളും എഴുതുന്നു.<br>• ഒരേ ചിഹ്നമുള്ള  പദങ്ങൾ ഗ്രൂപ്പുകളാക്കുന്നു.<br>• അതേ ചിഹ്നം വരുന്ന ഇതര പദങ്ങൾ കണ്ടെത്തുന്നു.<br>ഉദാ:<br><br><br>• പ്രതിജ്ഞ ഇതിൽ “ജ്ഞ’ കൂട്ടക്ഷരമാണ്. ഇത്തരം കൂട്ടക്ഷരം വരുന്ന പദങ്ങൾ കണ്ടെത്തി ഗ്രൂപ്പുകളാക്കുന്നു.<br>• വായന/ എഴുത്ത്<br>• മുഴുവൻ പകർത്തിയെഴുതുന്നു,</td></tr>
<tr><td></td><td><table><tr><td>ക്ക</td><td>മ്പ</td><td>ട്ട</td><td>ന്ത</td><td>പ്പ</td><td>ങ്ങ</td><td>ത്ത</td></tr><tr><td>ച്ച</td><td>ന്ദ</td><td>മ്മ</td><td>ഞ്ഞ</td><td>ല്ല</td><td>വ്വ</td><td>ണ്ട</td></tr></table><br>ഗൃഹപാഠം : പട്ടികയിലെ കൂട്ടക്ഷരങ്ങൾ ഉൾപ്പെട്ട പരമാവധി പദങ്ങൾ എഴുതുക. ഉദാ: ചെണ്ട, പല്ലവി, മഞ്ഞ. പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമിക്കട്ടെ</td></tr>
</table>

പ്രവർത്തനം: 6

സമയം : 1 മണിക്കൂർ

**പഠനനേട്ടങ്ങൾ :** പദങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായ വാക്യങ്ങൾ നിർമിക്കൽ.

**ഉള്ളടക്കം**

1. ഹരിതമോഹനം
   അജഗജാന്തരം
   നാലിതൾപ്പൂവ്
   സഫലമീയാത്ര
2.

| **പാഠഭാഗം** | **സാഹിത്യ വിഭാഗം** | **രചയിതാവ്** |
|---|---|---|
| ഹരിതമോഹനം | കഥ | സുസ്മേഷ്ചന്ത്രോത്ത് |
| അജഗജാന്തരം | കഥ | എസ്.വി. വേണുഗോപാലൻ നായർ |
| നാലിതൾപ്പൂവ് | കവിത | ഇടശ്ശേരി |
| സഫലമീയാത്ര | കവിത | എൻ.എൻ. കക്കാട് |

**പ്രവർത്തനക്രമം**

1) **പദങ്ങൾ അധ്യാപിക വായിക്കുന്നു.**

- കുട്ടികൾ വായിക്കുന്നു
- പദങ്ങൾ എഴുതുന്നു.
- ഹരിതമോഹനം - ഇതിലെ അക്ഷരങ്ങൾ ഉപയോഗിച്ച് പദങ്ങൾ നിർമിക്കട്ടെ - വായന/എഴുത്ത്

ഉദാ: ഹരി, ഹരിതം, മോഹം, മോഹനം, ഹരിത, മാനം. മറ്റു പദങ്ങളിൽ നിന്നും വാക്കുകൾ നിർമിക്കട്ടെ.

⇒ നാല്, ഇതൾ, പൂവ്, സഫലം, യാത്ര, അന്തരം, ഗജം, അജം

2) **പട്ടിക വായിക്കുക**

പട്ടിക വിശകലനം ചെയ്യുക

വാക്യം നിർമിക്കുക

ഉദാ: 1. ഇടശ്ശേരിയുടെ കവിതയാണ് നാലിതൾപ്പൂവ്

2. കക്കാടിന്റെ കഥയാണോ സഫലമീയാത്ര?

വായന - എഴുത്ത്

കൂടുതൽ വാക്യങ്ങൾ നിർമിക്കുക.

**ഗൃഹപാഠം :** ഇത്തരത്തിലുള്ള പട്ടികകൾ തയ്യാറാക്കി അതിൽ നിന്നും ലഘുവാക്യങ്ങൾ നിർമിക്കാനുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകണം.

പ്രവർത്തനം: 7

സമയം : 1 മണിക്കൂർ

**പഠനനേട്ടങ്ങൾ :** പട്ടിക വിശകലനം ചെയ്ത് വ്യത്യസ്ത വാക്യങ്ങൾ നിർമിക്കുന്നു.

<table>
<tr><th>ഉള്ളടക്കം</th><th>പ്രവർത്തനക്രമം</th></tr>
<tr><td>
<table>
<tr><th>പാഠഭാഗം</th><th>സാഹിത്യ വിഭാഗം</th><th>കർത്താവ്</th></tr>
<tr><td>സൗന്ദര്യലഹരി</td><td>കവിത</td><td>ചങ്ങമ്പുഴ</td></tr>
<tr><td>സൗന്ദര്യം</td><td>ലേഖനം</td><td>മുണ്ടശ്ശേരി</td></tr>
<tr><td>കുപ്പിവളകൾ</td><td>കഥ</td><td>സാറാതോമസ്</td></tr>
<tr><td>അമ്പാടിയിലേക്ക്</td><td>കവിത</td><td>ചെറുശ്ശേരി</td></tr>
<tr><td>കളിപ്പാവകൾ</td><td>നോവൽഭാഗം</td><td>എൻ.പി. മുഹമ്മദ്</td></tr>
<tr><td>നഗരത്തിൽ ഒരു യക്ഷൻ</td><td>കവിത</td><td>ആറ്റൂർ</td></tr>
<tr><td>കടത്തുകാരൻ</td><td>നോവൽഭാഗം</td><td>ഹെർമൻ ഹെസ്സെ</td></tr>
<tr><td>കീറിപ്പൊളിഞ്ഞ ചകലാസ്</td><td>കഥ</td><td>മാധവിക്കുട്ടി</td></tr>
<tr><td>കാളകൾ</td><td>കവിത</td><td>പി. ഭാസ്കരൻ</td></tr>
<tr><td>സാക്ഷി</td><td>കഥ</td><td>സി.വി.ശ്രീരാമൻ</td></tr>
</table>
</td><td>
പട്ടിക വായന<br><br>
ലഘുചോദ്യങ്ങളിലൂടെ പട്ടികവിശകലനം ചെയ്യാം<br><br>
ഉദാ: കുപ്പിവളകൾ ആരുടെ കഥയാണ്?<br><br>
ആറ്റൂർ എഴുതിയ കവിതയേത്?<br><br>
ഉത്തരം പറയൽ/ എഴുതൽ<br><br>
കുട്ടികൾ ചോദ്യം തയ്യാറാക്കൽ, ചോദ്യവും ഉത്തരവും എഴുതൽ (ചോദ്യോത്തരപ്പയറ്റിലൂടെ പ്രവർത്തനം നടത്താം)<br><br>
എഡിറ്റിംഗ് ഓരോ ഘട്ടത്തിലും നടക്കണം.
</td></tr>
<tr><td>9-ാം തരം കേരള പാഠാവലിയിലെ പാഠഭാഗങ്ങളാണിവിടെ പട്ടികപ്പെടുത്തിയത്.</td><td>ഗൃഹപാഠം : 9-ാം തരത്തിലെ അടിസ്ഥാന പാഠാവലിയിലെ ഉള്ളടക്കം ആസ്പദമാക്കി പട്ടികതയ്യാറാക്കി ഏതാനും ചോദ്യങ്ങളും ഉത്തരങ്ങളും എഴുതുക.</td></tr>
</table>

പ്രവർത്തനം: 8

**പഠനനേട്ടങ്ങൾ** : പാഠഭാഗത്തെ ആശയം തിരിച്ചറിഞ്ഞ് ഉചിതമായ രീതിയിൽ വായിക്കുന്നു, എഴുതുന്നു.

സമയം : 1 മണിക്കൂർ

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
|---|---|
| സ്കൂൾ കാലത്ത് സ്കൂളിലേക്കുള്ള പോക്കുവരവു സമയത്തെല്ലാം ആർത്തലച്ചു മഴവന്നു. സ്കൂൾ അടുത്തായതിനാൽ ഉച്ചയ്ക്ക് വീട്ടിൽ വന്ന് ഊണു കഴിച്ച് തിരിച്ചുപോകാറുള്ള എനിക്ക് അങ്ങനെ ദിവസം നാലു മഴ സ്വന്തമായി. കുടതുറക്കാതെ മഴയിലൊന്നാറാടാൻ പലപ്പോഴും തോന്നിയിട്ടുണ്ടെങ്കിലും കുട വിട്ടുള്ള കളികൾക്കു മീതെ കടിഞ്ഞാണിട്ടിരുന്നു ഇടംവലം നടന്നിരുന്ന എന്റെ അസുഖങ്ങൾ. മഴ തലയിൽ വീണാൽ മാത്രമേ മഴയസുഖത്തിനു കാരണമാകൂ എന്നായിരുന്നു എന്റെ വിചാരം. വസ്ത്രം പൊതിഞ്ഞ ദേഹത്തെ മാത്രം മഴയ്ക്കു വിട്ടുകൊടുത്തു ഞാൻ. അങ്ങനെ ഞാൻ പാതി മഴയുടെയും പാതി അസുഖങ്ങളുടേതുമായി. കുട ചായ്ച്ചുപിടിച്ച് വസ്ത്രങ്ങളിലേക്ക് കഴിയുന്നത്ര ഏറ്റുവാങ്ങി ഞാൻ ഉച്ചയൂണു കഴിഞ്ഞ് സ്കൂളിലേക്കു തിരിച്ചുപോകുമ്പോൾ നനഞ്ഞ വസ്ത്രം മാറ്റി മറ്റൊന്നണിയുക മഴക്കാലത്തൊരു പതിവായി: കാലത്തൊരു നിറത്തിലും ഉച്ചയ്ക്ക് മറ്റൊരു നിറത്തിലും സ്കൂളിലേക്ക് മഴയിലൂടെ ഞാനൊഴുകിപ്പോയി. മഴ കൊണ്ടുവരുന്ന മഴവില്ലും വസ്ത്രമാറ്റത്തിലൂടെ കൈവരുന്ന മഴവില്ലും - രണ്ടു മഴവില്ലുകൾക്കുടമസ്ഥയായി ഞാൻ. | • അധ്യാപിക വായിച്ചു കൊടുക്കുന്നു<br>• അടിവരയിട്ട വാക്യങ്ങൾ കുട്ടികൾ വായിക്കട്ടെ<br>• വായിക്കാൻ കഴിയാത്ത പദങ്ങൾ, വാക്യങ്ങൾ എന്നിവ കണ്ടെത്തുന്നു.<br>• അധ്യാപികയുടെ സഹായത്താൽ വായന<br>• ഖണ്ഡിക മുഴുവൻ വായിക്കുന്നു.<br>• എല്ലാവരും വായിച്ചുകഴിഞ്ഞാൽ ചില വാക്യങ്ങൾ കുട്ടികൾ എഴുതുന്നു .<br>• ഏതാനും പദങ്ങൾ കേട്ടെഴുതൽ<br>• തെറ്റുതിരുത്തൽ<br>(ചിഹ്നത്തെക്കുറിച്ചുള്ള ബോധം ഉറപ്പിക്കണം)<br>ആവശ്യമെങ്കിൽ കൂടുതൽ ഉദാഹരണങ്ങൾ നൽകണം. |
| | **ഗൃഹപാഠം :** 9-ാം തരത്തിലെ പാഠപുസ്തകത്തിലെ ഒരു ഭാഗം കണ്ടെത്തി വായിക്കുകയും എഴുതുകയും ചെയ്യുക. |

പ്രവർത്തനം: 9

**പഠനനേട്ടങ്ങൾ** : ഗ്രഹിച്ച ആശയം ക്രമമായി എഴുതി അവതരിപ്പിക്കുന്നു

സമയം : 1 മണിക്കൂർ

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
|---|---|
| ചാർലിചാപ്ലിൻ<br>• ചാൾസ് സ്പെൻസർ ചാപ്ലിൻ<br>• ജനനം : 1889 ഏപ്രിൽ 16 ലണ്ടനിൽ മരണം : 1977 ഡിസംബർ 25<br>• പിതാവ് : ചാപ്ലിൻ<br>• മാതാവ് : അന്ന<br>• ദാരിദ്ര്യവും പട്ടിണിയും നിറഞ്ഞ ബാല്യം<br>• കുട്ടിക്കാലം മുതൽ തൊഴിലിലേർപ്പെട്ടു.<br>• അഞ്ചാം വയസ്സിൽ അമ്മയോടൊപ്പം സ്റ്റേജിൽ<br>• 17-ാം വയസ്സിൽ നാടകക്കമ്പനിയിൽ ചേർന്നു.<br>• സിനിമയിലൂടെ ലോകപ്രശസ്തനായി.<br>• ചാപ്ലിൻ സിനിമകൾ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്തു.<br>• സിനിമ: മോഡേൺ ടൈംസ്, ദ ഗ്രേറ്റ് ഡിക്ടേറ്റർ, ദ കിഡ് ..<br>• വേഷത്തിന്റെ പ്രത്യേകത - മുറിമീശ, ഇറുകിയകോട്ട്, അയഞ്ഞുകിട ക്കുന്ന കാലുറ, വലിയഷൂസ്, തലയിൽ തൊപ്പി, കൈയിലൊരു വടി.<br>• ചാപ്ലിൻ ചിരിച്ചപ്പോൾ ചുറ്റുമുള്ള ലോകം കരഞ്ഞു.<br>• മനുഷ്യസ്നേഹി, മഹാനായ കലാകാരൻ.<br>• ദാരിദ്ര്യം, അനീതി, അക്രമം, തൊഴിലില്ലായ്മ, സ്വേച്ഛാധിപത്യം എന്നിവയ്ക്കെതിരെ സിനിമയിലൂടെ പ്രതികരിച്ചു. | <u>**ജീവചരിത്രക്കുറിപ്പ്**</u><br>• കുട്ടികൾ ഇഷ്ടപ്പെട്ട സിനിമയെക്കുറിച്ച് പറയുന്നു.<br>• ഇഷ്ടപ്പെട്ട നടന്മാർ /നടി ആരെല്ലാം?<br>• ഗ്രൂപ്പ് തിരിയുന്നു.<br>• ലോക പ്രശസ്തനായ സിനിമാക്കാരൻ ചാർലിചാപ്ലിനെ ക്കുറിച്ചുള്ള ചില സൂചകങ്ങൾ നൽകി വ്യക്തിയെക്കുറിച്ചും സിനിമയെക്കുറിച്ചും, ചർച്ചചെയ്യട്ടെ.<br>• അനുകരണം, ചിത്രം, തുടങ്ങിയ വിവിധ രീതിയിൽ കുട്ടി കൾ അഭിനേതാക്കളെ ആവിഷ്കരിക്കുന്നു.<br>• സിനിമ പ്രദർശിപ്പിച്ചും അവതരിപ്പിക്കാം<br>• ചാപ്ലിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അധ്യാപിക സൂചിപ്പിക്കുന്നു.<br>• Worksheet - വ്യക്തിഗതവായന<br>• ജീവചരിത്രക്കുറിപ്പ് - വ്യക്തിഗത രചന<br>• ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തൽ<br>• മികച്ചത് അവതരിപ്പിക്കൽ<br>• പൊതു അവതരണം - ചർച്ച കൂട്ടിച്ചേർക്കൽ<br>• വ്യക്തിഗതരചന മെച്ചപ്പെടുത്തൽ<br>പതിപ്പ് നിർമാണം |
| | **ഗൃഹപാഠം :** പ്രശസ്തരായ മറ്റ് വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയ്യാറാക്കുക. |

പ്രവർത്തനം: 10

സമയം : 1 മണിക്കൂർ

**പഠനനേട്ടങ്ങൾ :** പഴഞ്ചൊല്ലുകൾ വ്യാഖ്യാനിച്ച് ഉചിതമായ സന്ദർഭത്തിൽ പ്രയോഗിക്കുന്നു

| **ഉള്ളടക്കം:** | **പ്രവർത്തനക്രമം** |
|---|---|
| "ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം."<br>"വിത്താഴം ചെന്നാൽ പത്തായം നിറയും"<br>"സമ്പത്തു കാലത്ത് തൈപത്തുവെച്ചാൽ ആപത്തു കാലത്ത് കാപത്തു തിന്നാം"<br><br>"വെയിൽ കൊണ്ടെങ്കിലേ തണലിന്റെ ഗുണമറിയൂ. ….. .. .. .." | കൃഷി/അധ്വാനവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ കുട്ടികൾ പറയട്ടെ.<br>''ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം' ഈ പഴഞ്ചൊല്ലിന്റെ അർഥമെന്താണ്?<br>* ചേറ് എന്നാൽ എന്തൊക്കെ അർത്ഥ തലങ്ങളുണ്ട്?<br>* ചെളി, മണ്ണ്, അധ്വാനം, കൃഷി ..<br>* പഴഞ്ചൊല്ലിൽ കാണുന്ന മറ്റു പ്രത്യേകതകൾ എന്തെല്ലാം?<br>* ചേറ്റിൽ, ചോറ്റിൽ<br>* കുത്തിയ, കുത്താം എന്നിങ്ങനെ താളത്തിലുള്ള പദങ്ങൾ, ഗ്രാമീണ പദങ്ങൾ<br>* ''ചേറ്റിൽ കുത്തിയ കൈ'' എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്തെല്ലാം?<br>* മണ്ണിൽ പണിയെടുക്കുക, അധ്വാനത്തിന്റെ മഹത്വം കൃഷിയോടുള്ള പ്രതിബദ്ധത, (ഭക്ഷണം കഴിക്കാം, ജോലി ചെയ്തവർക്ക് നന്നായി ഭക്ഷണം കഴിക്കാം).<br>* പഴഞ്ചൊല്ലിന്റെ പൊതു ആശയം എന്താവാം?<br>* ചർച്ച<br>* അവതരണം<br>* ഗ്രൂപ്പിൽ ചർച്ച, പൊതു അവതരണം<br>* മെച്ചപ്പെടുത്തൽ<br>* ക്രോഡീകരണം |
| | അവർക്കിഷ്ടപ്പെട്ട ഒരു പഴഞ്ചൊല്ല് കണ്ടെത്തി വ്യാഖ്യാനിക്കുക. |

പ്രവർത്തനം: 11

സമയം : 1 മണിക്കൂർ

**പഠനനേട്ടങ്ങൾ** : ലഘുകഥകൾ വായിച്ച് ആസ്വാദനം തയ്യാറാക്കുന്നു

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
|---|---|
| വൃദ്ധനായ സന്യാസി അനേകം നാഴിക നടന്ന് വൈകുന്നേരത്തോടെ ഒരു മരത്തിന്റെ ചുവട്ടിലെത്തി. വിശപ്പും ദാഹവും കൊണ്ട് അദ്ദേഹം വലഞ്ഞിരുന്നു. അടുത്തുകണ്ട കിണറ്റിൽ നിന്ന് കുറച്ചു വെള്ളമെടുത്തു. ഭക്ഷണത്തിന്റെ പൊതിയഴിച്ചു നോക്കി. നിറയെ ഉറുമ്പുകൾ ! ഇവർ എന്റെ കൂടെയാത്രചെയ്ത് ഇവിടെയെത്തി. ഇവരും ഇവരുടെ കൂട്ടരും എത്ര വ്യാകുലരായിരിക്കും ! സന്യാസി ചിന്തിച്ചു. നേരത്തേ വിശ്രമിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്ത സ്ഥലത്തുനിന്നാണ് ഇവർ തന്റെ കൂടെ പോന്നതെന്ന് അദ്ദേഹത്തിനു മനസ്സിലായി. ഉറുമ്പുകളെ അവിടെ എത്തിക്കാൻ വേണ്ടി അദ്ദേഹം തിരിച്ചു നടന്നു. | • കഥ അധ്യാപികയുടെ സഹായത്താൽ വായിക്കുക<br>• വ്യക്തിഗത വായന<br>• ലഘു ചോദ്യങ്ങളിലൂടെ ആശയ ഗ്രഹണം<br>• ലഘുവാക്യങ്ങൾ എഴുത്ത്<br>• കഥ നൽകുന്ന സന്ദേശം ചർച്ച<br>• ചർച്ചയുടെ ഉള്ളടക്കം കുറിക്കുക<br>• പകർത്തിയെഴുത്ത് - കഥാസന്ദേശം<br>• കഥയ്ക്ക് ഉചിതമായ ശീർഷകം നൽകൽ<br>• കഥ വികസിപ്പിച്ച് പൂർത്തിയാക്കൽ<br>• കഥയ്ക്ക് ആസ്വാദനം എഴുതൽ |
| | **ഗൃഹപാഠം :** ഇത്തരത്തിലുള്ള ലഘു കഥകൾ തിരഞ്ഞെടുത്ത് ആസ്വാദനം തയ്യാറാക്കുക. |

പ്രവർത്തനം: 12

**പഠനനേട്ടങ്ങൾ :** കവിതയിലെ ശബ്ദസൗന്ദര്യം (ആസ്വാദനം) തിരിച്ചറിയുന്നു

സമയം : 1 മണിക്കൂർ

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
|---|---|
| 1. കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി<br>കാഞ്ചന കാഞ്ചി കുലുങ്ങിക്കുലുങ്ങി<br>കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി<br>കതിരുതിർ പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽത്തങ്ങി<br>ഒഴുകുമുടയാടയിലൊളിയലകൾ ചിന്നി<br>അഴകൊരുടലാർന്ന പോലങ്ങനെ മിന്നി<br>മതിമോഹന ശുഭനർത്തനമാടുന്നയി, മഹിതേ,<br>മമ മുന്നിൽ നിന്നു നീ മലയാള കവിതേ!,<br>(കാവ്യനർത്തകി) (ചങ്ങമ്പുഴ)<br><br>2. പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ<br>മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും<br>ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും<br>പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള<br>മാലകൾ കൊണ്ടു വിതാനിച്ച ദിക്കെന്നു<br>മാലോകരൊക്കെയും ശങ്കിക്കുമാറുള്ള<br>ലീലാവിലാസേന നിൽക്കുന്നു വാഴകൾ<br>നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ.<br>(കല്യാണസൗഗന്ധികം) (കുഞ്ചൻ നമ്പ്യാർ) | • കവിതാ വായന<br>• അധ്യാപികയുടെ സഹായത്താൽ വ്യക്തിഗതവായന<br>• ഈണം കണ്ടെത്തി അവതരിപ്പിക്കൽ<br>• ശബ്ദസൗന്ദര്യമുള്ള പദങ്ങൾ, വരികൾ കണ്ടെത്തി പറയൽ/എഴുതൽ<br>സൗന്ദര്യാംശം - ചർച്ച<br>* ക, ങ്ങ, മ തുടങ്ങിയ അക്ഷരങ്ങളുടെ ആവർത്തനം.<br>* ആവർത്തന സ്വഭാവമുള്ള പദങ്ങൾ<br>* പദങ്ങളുടെ തിരഞ്ഞെടുപ്പ്<br>ഉദാ: മിന്നി, ചിന്നി<br>സമസ്തപദങ്ങൾ<br>ഉദാ : : ഒഴുകുമുടയാടയിലൊളിയലകൾ<br>ഇവ കുട്ടികൾ എഴുതി അവതരിപ്പിക്കുന്നു.<br>• ശബ്ദ സൗന്ദര്യമുള്ള പദങ്ങൾ, വരികൾ കണ്ടെത്തി പറയുന്നു, എഴുതുന്നു.<br>• പദങ്ങളുടെ തിരഞ്ഞെടുപ്പിലെ ഔചിത്യം കണ്ടെത്തുന്നു.<br>• സന്ദർഭത്തിനു മിഴിവു നൽകുന്ന വർണ്ണനകൾ കണ്ടെത്തുന്നു. |
| | **ഗൃഹപാഠം :** മുൻക്ലാസ്സുകളിൽ പഠിച്ച കവിതകളിലെ ശബ്ദഭംഗിയുള്ള വരികൾ കണ്ടെത്തി എഴുതുക. |

പ്രവർത്തനം: 13

**പഠനനേട്ടങ്ങൾ :** കവിതയ്ക്ക് അസ്വാദനം തയ്യാറാക്കുന്നു.

സമയം : 1 മണിക്കൂർ

| ഉള്ളടക്കം | പ്രവർത്തനക്രമം |
|---|---|
| **മലയാളം**<br>എത്ര സുന്ദരമെത്ര സുന്ദര-<br>മെന്റെ മലയാളം,<br>മുത്തുപവിഴങ്ങൾ കൊരുത്തൊരു-<br>പൊന്നുനൂൽ പോലെ!<br>മണ്ണിൽ വീണു കുരുത്തു നെന്മണി-<br>വിത്തു മുളപൊട്ടി<br>മിന്നുമീരില വീശിടും പോ-<br>ലെത്രയീരടികൾ<br>മണ്ണിൽ വേർപ്പുവിതച്ചവർത-<br>ന്നീണമായ് വന്നു!<br>അന്നു പാടിയ പാട്ടിലൂഞ്ഞാ-<br>ലാടി മലയാളം<br>കൊഞ്ചലും കുറുമൊഴികളും പോയ്,<br>കഥകൾ പലതോതി,<br>നെഞ്ചണച്ചൊരു ഗുരു വളർത്തിയ<br>കിളിമകൾ പാടി<br>ദേവദൈത്യമനുഷ്യവർഗ-<br>മഹാചരിത്രങ്ങൾ<br>തേൻകിനിയും വാക്കിലോതി<br>വളർന്നു മലയാളം!<br>എത്ര സുന്ദരമെത്രസുന്ദരമെന്റെ മലയാളം!<br>മുത്തുപവിഴങ്ങൾ കൊരുത്തൊരു<br>സ്വർണമാലികപോൽ!<br>ഒ.എൻ.വി. കുറുപ്പ് | • കവിത ഓരോ കുട്ടിക്കും നൽകണം.<br>• വ്യക്തിഗതവായന<br>• അധ്യാപികയുടെ സഹായത്താൽ ഭാവാത്മകവായന<br>• ഈണം കണ്ടെത്തി കുട്ടികൾ അവതരിപ്പിക്കൽ<br>• അർഥമറിയാത്ത പദങ്ങൾ കണ്ടെത്തൽ<br>(വായനയ്ക്കു തടസ്സം നേരിടുന്ന പദങ്ങൾ വായിച്ചുറപ്പിക്കൽ)<br>• മലയാള ഭാഷയുടെ പ്രത്യേകതകൾ ലഘു ചോദ്യങ്ങളിലൂടെ ആശയഗ്രഹണം നടത്തണം.<br>ചോദ്യങ്ങൾ<br>* എത്ര സുന്ദരമെത്രസുന്ദരം എന്ന് കവി വിശേഷിപ്പിക്കുന്നത് ഏതിനെയാണ്?<br>* മുത്തും, പവിഴവും കോർത്ത പൊന്നുനൂലാണ് മലയാളം എന്ന് പറഞ്ഞതിന്റെ ഔചിത്യമെന്ത്?<br>(തമിഴ്, സംസ്കൃതം എന്നീ ഭാഷകളുടെ സ്വാധീനം)<br>* ഭാഷയുടെ വളർച്ചയെ കവി എങ്ങനെയാണ് സൂചിപ്പിക്കുന്നത്?<br>* കിളിമകൾ - എന്ന സൂചന എന്തിനെക്കുറിക്കുന്നു?<br>* പ്രയോഗഭംഗി, ശബ്ദഭംഗി, ചമത്കാരഭംഗി കണ്ടെത്തുന്നു.<br>* ഭാഷയെക്കുറിച്ചുള്ള ഇതര കവിതകൾ സൂചിപ്പിക്കുന്നു.<br>(എന്റെ ഭാഷ, മലയാളം, തറവാട്ടമ്മ, അമ്മ മലയാളം etc .)<br>* ഭാഷയുടെ വളർച്ച കവിതയിൽ ആവിഷ്കരിക്കുന്ന ഭാഗം വിശകലനം ചെയ്ത് അവതരിപ്പിക്കണം.<br>* ഇന്നത്തെ ഭാഷയുടെ അവസ്ഥ- ചർച്ച<br>* “എന്റെ ഭാഷ’ (വള്ളത്തോൾ) വരികൾ കൂടി ചേർക്കാം.<br>* ഓരോ ചർച്ചയിലുമുള്ള ഉല്പന്നങ്ങൾ എഴുതി അവതരിപ്പിക്കണം.<br>* ആസ്വാദന രചനയിലേക്ക് കടക്കാം.<br>* മാതൃക കുട്ടികളെ പരിചയപ്പെടുത്തണം.<br>* ക്രോഡീകരണം<br>* മെച്ചപ്പെടുത്തൽ |
| | ഗൃഹപാഠം : ലഘു കവിതകൾ കണ്ടെത്തി ആസ്വാദനം തയ്യാറാക്കുക. |

പ്രവർത്തനം: 14

**പഠനനേട്ടങ്ങൾ :** സർഗാത്മക രചനയിൽ ഏർപ്പെടുന്നു

സമയം : 1 മണിക്കൂർ

| **ഉള്ളടക്കം** | **പ്രവർത്തനക്രമം** |
|---|---|
| മൂന്നാറിൽ നിന്ന് ഇരവികുളത്തേക്കു പോകുന്ന പാതയിൽ വച്ചാണ് കാളിയപ്പൻ എന്ന തമിഴനെ യാദൃച്ഛികമായി കണ്ടത്. ചായത്തോട്ടങ്ങൾക്കപ്പുറം മഞ്ഞിന്റെ പടുതയിലൂടെ വരയാടുകളെയെങ്ങാനും കാണുമോ എന്ന കുതൂഹലമായിരുന്നു ഞങ്ങൾക്ക്. ഹിമാലയത്തോളം പൗരാണികമായ ഇരവികുളം കാട്ടിനകത്തേക്ക് ഏതുവഴി പോവേണ്ടു എന്നറിയാതെ വിഷമിച്ചു നിൽക്കയായിരുന്നു. പിറകിൽ ഒരു ഭാണ്ഡവുമായി ഏതോ യാത്രക്കാരനെപ്പോലെ, അപ്പോഴാണ് കാളിയപ്പൻ ഒരു കുറുക്കുവഴിയിലൂടെ പ്രധാനനിരത്തിലെത്തിയത്. കാട്ടിനകത്തുള്ള ഒരു മുതുവസമൂഹത്തിനുവേണ്ടി ധാന്യവും അപ്പവും വിൽക്കാൻ പോകുകയായിരുന്ന അയാൾ അവിചാരിതമായാണ് ഞങ്ങളുടെ വഴികാട്ടിയായത്. രണ്ടു പകലുകളിലൂടെ അയാളുടെ വ്യക്തിത്വം കൂടുതൽ മിഴിവാർന്നുവന്നു. അതുപോലൊരു കൂട്ടില്ലായിരുന്നെങ്കിൽ ആ വഴിയില്ലാക്കാടുകളിൽ ഞങ്ങൾ അശരണരായിത്തീർന്നേനെ. | * പാഠഭാഗം അധ്യാപിക /കുട്ടി വായിക്കുന്നു<br>* മറ്റു കുട്ടികൾ മൂന്നോ നാലോ തവണ വായിക്കുന്നു<br>* അർഥമറിയാത്ത പദങ്ങൾ കണ്ടെത്തി വായന / എഴുത്ത്<br>* അധ്യാപികയുടെ സഹായത്താൽ അർഥം ഗ്രഹിക്കുന്നു.<br>* തുടർന്ന് വായന<br>* ലഘുചോദ്യങ്ങളിലൂടെ ആശയം ഗ്രഹിക്കുന്നു.<br>* ഉത്തരം കണ്ടെത്തുന്നു. എഴുതുന്നു. (എഡിറ്റിംഗ് നടത്തണം)<br>* കുട്ടികൾ അവരുടെ യാത്രകൾ/ അനുഭവങ്ങൾ പറയട്ടെ<br>* ചുരുങ്ങിയ വാക്കുകളിലൂടെ എഴുതി അവതരിപ്പിക്കട്ടെ<br>* വായന/മെച്ചപ്പെടുത്തൽ<br>* എഡിറ്റിങ്ങ്<br>* അവതരണം |
| | **ഗൃഹപാഠം :** നിങ്ങളുടെ വിദ്യാലയാനുഭവം എഴുതുക. |

പ്രവർത്തനം: 15

സമയം : 1 മണിക്കൂർ

**പഠനനേട്ടങ്ങൾ :** ഭാഷാവസ്തുതകൾ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

| ഉള്ളടക്കം | പ്രവർത്തനക്രമം |
|---|---|
| അച്ഛനമ്മമാരുടെ ഇളയമകളായിരുന്നു കാത്ത; ഏറ്റവും കൂടുതൽ ലാളിച്ചു വളർത്തിയ സന്താനം. ചേട്ടന്മാരുടെയും ചേട്ടത്തിമാരുടെയും വാത്സല്യഭാജനം. കാത്തയുടെഅമ്മയ്ക്ക് ഒരു ദു:ഖമുണ്ടായിരുന്നു. സ്നേഹിക്കാത്ത ഒരാളുടെ കൈയിലേക്കാണ് തന്റെ അരുമസന്താനത്തെ ഏൽപ്പിച്ചുകൊടുത്തതെന്ന്. ആലപ്പുഴയിൽ ഒരു വീടെടുത്ത് വക്കീലിന്റെ ഭാര്യയായി മകൾ താമസിക്കുമെന്ന് അവർ സ്വപ്നം കണ്ടിരുന്നിരിക്കണം. ആ സ്ത്രീ വളരെ ദു:ഖിച്ചു. അവരുടെ മരണ രംഗം ഞാൻ ഓർക്കുന്നു. ഇളയമകളെ നോക്കി കണ്ണീർ വാർത്തുകൊണ്ട് ചുണ്ടുകൾ വിറച്ചു കൊണ്ടാണ് ആ കണ്ണുകൾ അടഞ്ഞത്.<br><br>(ഓർമ്മയുടെ തീരങ്ങളിൽ) - തകഴി ശിവശങ്കര പിള്ള | 1. ഓർമ്മക്കുറിപ്പ് കുട്ടികൾ വായിക്കുന്നു (വ്യക്തിഗതം)<br>ലഘുചോദ്യങ്ങളിലൂടെ ആശയം ഗ്രഹിക്കുന്നു.<br>• എങ്ങനെയുള്ളവളായിരുന്നു കാത്ത?<br>• കാത്തയുടെ അമ്മയുടെ ദു:ഖമെന്ത്?<br>• അമ്മയുടെ സ്വപ്നം എന്തായിരുന്നു?<br>• ഭാര്യാമാതാവിന്റെ മരണരംഗം തകഴി ഓർക്കുന്നതെങ്ങനെ?<br>അടിവരയിട്ട പദങ്ങൾ വായിക്കുന്നു.<br>ചർച്ച ചെയ്ത് പ്രത്യേകതകൾ കണ്ടെത്തുന്നു.<br><br>2. പട്ടിക പൂരിപ്പിക്കുക.<br><table><tr><th>സമസ്തപദം</th><th>വിഗ്രഹാർഥം</th></tr><tr><td>അച്ഛനമ്മമാർ</td><td>. . . . . . . . . . . .</td></tr><tr><td>. . . . . . . . . . . . . . . .</td><td>വാത്സല്യമാകുന്ന ഭാജനം</td></tr><tr><td>അരുമസന്താനം</td><td>. . . . . . . . . . . . . . .</td></tr><tr><td>മരണരംഗം</td><td>. . . . . . . . . . . . . . . .</td></tr></table><br>3. പദങ്ങൾ പിരിച്ചെഴുതുക<br>മാതൃക : മകളായിരുന്നു - മകൾ + ആയിരുന്നു.<br>താമസിക്കുമെന്ന് -<br>വീണ്ടെടുത്ത് -<br>കണ്ണീർ - |
| | **ഗൃഹപാഠം :** നിങ്ങൾ വായിച്ച ഏതെങ്കിലും ഭാഗത്തെ സമസ്തപദങ്ങൾ കണ്ടെത്തി വിഗ്രഹാർഥം കുറിക്കുക. |

# അനുബന്ധം

## കൂടുതൽ പ്രവർത്തനങ്ങൾ

1. കുട്ടികൾ ഒരു ദിവസത്തെ പത്രം വായിക്കുന്നു. ഒരേ പത്രം അധ്യാപകൻ നൽകാൻ ശ്രദ്ധിക്കണം. പത്രങ്ങളിൽ പലഭാഗത്തായുള്ള ചെറുതും വലുതുമായ തലക്കെട്ട് അധ്യാപകൻ വായിക്കുന്നു. അവ ഓരോന്നും കുട്ടികൾ കണ്ടെത്തുന്നു. ഈ പ്രവർത്തനം മത്സര സ്വഭാവത്തിൽ നടത്താവുന്നതാണ്.
2. ഒമ്പതാം തരത്തിലെ പാഠപുസ്തകത്തിലെ ഒരു ഭാഗം പരിചയപ്പെടുത്തുന്നു. 4 x 4 കോളങ്ങളിൽ കുട്ടികൾ ഇതിലെ പദങ്ങൾ എഴുതുന്നു. അധ്യാപകൻ വായിക്കുന്ന പദം എഴുതിയ കുട്ടികൾ കളംവെട്ടട്ടെ. ഇങ്ങനെ ഒരു വരിയോ നിരയോ ആദ്യം വെട്ടിത്തീർക്കുന്ന താരാണോ അയാളാണ് വിജയി. ഈ കളി താഴെ പറയുന്ന രീതിയിലും നടത്താം.
   a) ചില സന്ദർഭം നൽകി അതുമായി ബന്ധപ്പെട്ട ഏതെല്ലാം വാക്കുകൾ എഴുതിയിട്ടുണ്ടോ ആ കളങ്ങൾ മുഴുവനും വെട്ടാം.
   b) ചില അക്ഷരങ്ങളിൽ തുടങ്ങുന്ന പദം തിരഞ്ഞെടുക്കാനവസരം നൽകാം.
3. തിരഞ്ഞെടുത്ത പാഠഭാഗത്തിലെ ഏതെങ്കിലും പദം പറയുമ്പോൾ ആ പദം വരുന്ന വാക്യം വായിപ്പിക്കൽ/ എഴുതിക്കൽ
4. ഒരു ഖണ്ഡികയിൽ നിന്നും ചോദ്യങ്ങൾ നിർമിക്കൽ.
5. കുട്ടികൾക്കു താൽപര്യമുള്ള ഒരു ലേഖന ഭാഗം തിരഞ്ഞെടുത്ത് ആ ഭാഗത്ത് നൽകിയിരിക്കുന്ന പ്രധാനാശയവുമായി ബന്ധപ്പെട്ട പദസൂര്യൻ നിർമിക്കുക.
6. ഒരാശയവുമായി ബന്ധപ്പെട്ട (മഴ, കൃഷി, വിദ്യാലയം) പദസൂര്യൻ അധ്യാപകൻ നൽകുന്നു. ഇതിലെ പദങ്ങളുപയോഗിച്ച് കുട്ടികൾ നിശ്ചിത സമയത്തിനുള്ളിൽ പരമാവധി വാക്യങ്ങൾ ഉണ്ടാക്കട്ടെ.
7. ഏതെങ്കിലും ലഘു കവിതകൾ, കവിതാഭാഗങ്ങൾ, ലഘു കഥകൾ എന്നിവ നൽകി ആശയഗ്രഹണം നിർവഹിക്കാനാവശ്യമായ ചോദ്യങ്ങൾ ചോദിച്ചു കൊണ്ട് ആസ്വാദനത്തിന്റെ വ്യത്യസ്ത തലങ്ങളിൽ കുട്ടികളെ എത്തിക്കണം.
8. ഒരു ലേഖനത്തിന്റെ ഭാഗം നൽകി പ്രധാന ആശയങ്ങൾ ചർച്ച ചെയ്ത് കുറിച്ചുവെക്കുന്നു. അവ ഉൾപ്പെടുത്തി സംഗ്രഹം തയ്യാറാക്കുന്നു.

9. ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കുട്ടികൾ കണ്ടെത്തിപ്പറയട്ടെ. മണിയടിച്ചു, സോപ്പിടുക, കൈകഴുകുക, തൊണ്ടതുറക്കുക ...... തുടങ്ങി ലളിതമായ ശൈലികൾ വ്യാഖ്യാനിച്ച് ഉചിതസന്ദർഭങ്ങളിൽ പ്രയോഗിച്ച് അവതരിപ്പിക്കട്ടെ.

10. വരികൾ വ്യാഖ്യാനിക്കുക.

**ഒന്നായാൽ നന്നായി**
**നന്നായാൽ ഒന്നായി**

കുഞ്ഞുണ്ണിമാഷ്.

ഇത്തരം ചെറിയ കവിതാ ഭാഗങ്ങൾ നൽകി അതിലെ ആശയവും സൗന്ദര്യവും ചർച്ച ചെയ്ത് ഗ്രൂപ്പടിസ്ഥാനത്തിൽ അവതരിപ്പിക്കട്ടെ. പാഠഭാഗത്തെ യൂണിറ്റ് തലക്കെട്ട്, പ്രവേശക പ്രവർത്തനം എന്നിവ വ്യാഖ്യാനിക്കുന്നതിനും. വിശകലനം ചെയ്യുന്നതിനും അവസര മൊരുക്കണം.

11. കുട്ടികളുടെ സ്വതന്ത്ര രചന പ്രോത്സാഹിപ്പിക്കുന്ന സന്ദർഭങ്ങൾ ഒരുക്കണം. ഡയറിക്കുറിപ്പ്, കളിയനുഭവങ്ങൾ, യാത്രാനുഭവ ങ്ങൾ, നർമരംഗങ്ങൾ, ക്ലാസ്സ്റൂം അനുഭവങ്ങൾ, കാഴ്ചാനുഭവങ്ങൾ എന്നിവ എഴുതിക്കണം.. നല്ല പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകണം.

12. കടങ്കഥകൾ ഗ്രൂപ്പടിസ്ഥാനത്തിൽ കണ്ടെത്തി വിശകലനം ചെയ്യണം. ഭാഷയുടെ ഒതുക്കവും സൗന്ദര്യവും കുട്ടികൾ തിരിച്ചറിയട്ടെ. പുതിയ കടങ്കഥകൾ കുട്ടികൾ നിർമിക്കട്ടെ.

13. **'ഞാൻ എന്നെക്കുറിച്ച്' –** ഓരോ കുട്ടിയും അവനെക്കുറിച്ചുള്ള വിവരങ്ങൾ എഴുതട്ടെ. (വീട്, സ്ഥലം, രക്ഷിതാക്കൾ, സ്വപ്നങ്ങൾ, ഇഷ്ടങ്ങൾ കഴിവുകൾ ..)

14. പത്രവാർത്ത, പുതിയ കവിതകൾ, കഥകൾ, ഇഷ്ടപ്പെട്ട സംഭവങ്ങൾ, ഗാനങ്ങൾ, മഹദ്വചനങ്ങൾ തുടങ്ങിയവ ശേഖരിക്കട്ടെ.

15. ചിത്രങ്ങൾ നൽകി വ്യാഖ്യാനിക്കുന്നതിനും അടിക്കുറിപ്പ് എഴുതുന്നതിനും അവസരം നൽകണം.

**കുട്ടികളുടെ ഉല്പന്നങ്ങൾ രക്ഷിതാക്കൾ, മറ്റു കുട്ടികൾ, എന്നിവരുടെ മുന്നിൽ പ്രദർശിപ്പിക്കുവാൻ അവസരമൊരുക്കണം.**